# പതിനാലാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1605** **01.11.2019 ൽ മറുപടിയ്ക്ക്**

## കാസർഗോഡ് ജില്ലയിലെ അടയ്ക്കാ കൃഷി

| ചോദ്യം<br>ശ്രീ.കെ.കുഞ്ഞിരാമൻ | ഉത്തരം<br>ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| എ) കാസർഗോഡ് ജില്ലയിലെ അടയ്ക്കാ കൃഷിയെ സഹായിക്കുന്നതിന് 2019- 20 വർഷത്തെ ബഡ്ജറ്റിൽ എത്ര തുക വകയിരുത്തിയിട്ടുണ്ട് എന്ന് അറിയിക്കാമോ; | എ) കാസർഗോഡ് ജില്ലയിലെ അടയ്ക്കാ കൃഷിയെ സഹായിക്കുന്നതിന് 2019-20 വർഷത്തെ ബഡ്ജറ്റിൽ രണ്ട് കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |
| ബി) അധിവർഷത്താലും രൂക്ഷമായ വരൾച്ചയാലും കൃഷിനാശം സംഭവിച്ച അടയ്ക്കാ കൃഷിക്കാർക്ക പ്രസ്തുത തുക നൽകുന്നതിന് വകുപ്പ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ? | ബി) ബഡ്ജറ്റിൽ അടയ്ക്കാ പാക്കേജിനായി നീക്കി വച്ചിരിക്കുന്ന തുക മഹാളി രോഗം തടയുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനും മഞ്ഞളിപ്പ് രോഗം ബാധിച്ച് ഉല്പാദനം കുറഞ്ഞ കവുങ്ങ് വെട്ടിമാറ്റി പകരം തൈ വച്ച് പിടിപ്പിക്കുന്നതിനുമാണ്. ആയതിനാൽ പ്രകൃതിക്ഷോഭങ്ങൾ അഭിമുഖീകരിക്കുന്നതിനുള്ള അടിയന്തര പരിപാടി എന്ന പദ്ധതിയിൽ നിന്നും അധിവർഷത്താലും രൂക്ഷമായ വരൾച്ചയാലും കൃഷിനാശം സംഭവിച്ച അടയ്ക്കാ കൃഷിക്കാർക്ക് ആനുകൂല്യം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ